എ.വൈ.ആർ

സൂറ-12

# യൂസുഫ്

فَلَمَّا ذَهَبُواْ بِهِۦ وَأَجْمَعُوٓاْ أَن يَجْعَلُوهُ فِى غَيَٰبَتِ ٱلْجُبِّ ۚ وَأَوْحَيْنَآ
إِلَيْهِ لَتُنَبِّئَنَّهُم بِأَمْرِهِمْ هَٰذَا وَهُمْ لَا يَشْعُرُونَ ﴿١٥﴾
وَجَآءُوٓ أَبَاهُمْ عِشَآءً يَبْكُونَ ﴿١٦﴾
قَالُواْ يَٰٓأَبَانَآ إِنَّا ذَهَبْنَا نَسْتَبِقُ وَتَرَكْنَا يُوسُفَ عِندَ مَتَٰعِنَا فَأَكَلَهُ ٱلذِّئْبُ ۖ
وَمَآ أَنتَ بِمُؤْمِنٍ لَّنَا وَلَوْ كُنَّا صَٰدِقِينَ ﴿١٧﴾

وَجَآءُو عَلَىٰ قَمِيصِهِۦ بِدَمٍ كَذِبٍ ۚ قَالَ بَلْ سَوَّلَتْ لَكُمْ
أَنفُسُكُمْ أَمْرًا ۖ فَصَبْرٌ جَمِيلٌ ۖ وَٱللَّهُ ٱلْمُسْتَعَانُ عَلَىٰ مَا تَصِفُونَ ﴿١٨﴾

15 അങ്ങനെ പിതാവിനെ പറഞ്ഞു സമ്മതിപ്പിച്ച് സഹോദരന്മാർ യൂസുഫിനെ കൊണ്ടുപോവുകയും ആഴമുള്ള കിണറ്റിൽ തള്ളാൻ തീരുമാനിക്കുകയും, നാം യൂസുഫിനെ 'ഈ ക്രൂരകൃത്യത്തെക്കുറിച്ച് നീ അവരോട് പറയുന്ന ഒരവസരം വരുന്നുണ്ട്; അവരോ, അതെക്കുറിച്ച് ബോധമില്ലാത്തവരാകുന്നു' എന്ന് ബോധനം ചെയ്യുകയും,
16 അവർ രാത്രി സമയത്ത് കരഞ്ഞുകൊണ്ട് പിതാവിന്റെ അടുത്തെത്തുകയും ചെയ്തപ്പോൾ
17 പറഞ്ഞു: പിതാവേ, യൂസുഫിനെ സാധനങ്ങൾക്കടുത്തു നിർത്തി ഞങ്ങൾ മത്സരിച്ച് ഓടാൻ പോയതായിരുന്നു. അപ്പോൾ അവനെ ചെന്നായ തിന്നുകളഞ്ഞു. ഞങ്ങൾ പറയുന്നത് തികഞ്ഞ സത്യം തന്നെയാണെങ്കിലും അങ്ങ് വിശ്വസിക്കില്ലല്ലോ.
18 കള്ളച്ചോര പുരട്ടി, യൂസുഫിന്റെ അങ്കിയും അവർ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. പക്ഷേ യഅ്ഖൂബ് പറഞ്ഞു: കാര്യം അതൊന്നുമല്ല. നിങ്ങൾ എന്തോ കടുംകൈ ചെയ്യാൻ പ്രലോഭിതരായതാകുന്നു. ശരി, ഞാൻ ഭംഗിയായി ക്ഷമിക്കുന്നു. നിങ്ങൾ പറഞ്ഞതിന്റെ സത്യാവസ്ഥ വെളിപ്പെടാൻ അല്ലാഹു തന്നെ തുണക്കട്ടെ.

==========================================================

(പിതാവിനെ പറഞ്ഞു സമ്മതിപ്പിച്ച്) അവർ അവ(യൂസുഫി)നെ കൊണ്ടുപോ(വുകയും)യപ്പോൾ =فَلَمَّا ذَهَبُواْ بِهِۦ

അവനെ ആക്കാ(തള്ളാ)ൻ =أَن يَجْعَلُوهُ അവർ തീരുമാനിക്കുകയും ചെയ്തപ്പോൾ =وَأَجْمَعُوٓاْ

പൊട്ടക്കിണറ്റിന്റെ ആഴത്തിൽ(ആഴമുള്ള കിണറ്റിൽ) =فِى غَيَٰبَتِ ٱلْجُبِّ

നാം അവ(യൂസുഫി)നെ ബോധനം ചെയ്യുകയും ചെയ്തപ്പോൾ =وَأَوْحَيْنَآ إِلَيْهِ

അവരുടെ ഈ കാര്യം(ക്രൂരകൃത്യം) =بِأَمْرِهِمْ هَٰذَا നീ അവരോട് പറയുക തന്നെ ചെയ്യും(പറയുന്ന ഒരവസരം വരുന്നുണ്ട്) =لَتُنَبِّئَنَّهُم

(അതെക്കുറിച്ച്)ബോധമില്ലാത്തവർ(ആകുന്നു) =لَا يَشْعُرُونَ അവർ(രോ)ആയിരിക്കെ =وَهُمْ

രാത്രി സമയത്ത് =عِشَآءً അവരുടെ പിതാവിന്റെ അടുത്ത് =أَبَاهُمْ അവർ വരി(എത്തു)കയും ചെയ്തപ്പോൾ =وَجَآءُوٓ

ഞങ്ങളുടെ പിതാവേ =يَٰٓأَبَانَآ അവർ പറഞ്ഞു =قَالُواْ അവർ കരയുന്നു(ഞ്ഞുകൊണ്ട്) =يَبْكُونَ

യൂസുഫിനെ =يُوسُفَ ഞങ്ങൾ ശേഷിപ്പിച്ചു(നിർത്തി) =وَتَرَكْنَا മത്സരിച്ച് ഓടാൻ =نَسْتَبِقُ ഞങ്ങൾ പോയി(യതായിരുന്നു) =إِنَّا ذَهَبْنَا

നീ(അങ്ങ്)അ(ഇ)ല്ല =وَمَآ أَنتَ ചെന്നായ =ٱلذِّئْبُ അപ്പോൾ അവനെ തിന്നുകളഞ്ഞു =فَأَكَلَهُ ഞങ്ങളുടെ സാധനങ്ങൾക്കടുത്ത് =عِندَ مَتَٰعِنَا

ഞങ്ങൾ(പറയുന്നത്)ആണെങ്കിലും =وَلَوْ كُنَّا ഞങ്ങളെ വിശ്വസിക്കുന്നവൻ(വിശ്വസിക്കയില്ലല്ലോ) =بِمُؤْمِنٍ لَّنَا

(തികഞ്ഞ)സത്യം(തന്നെ)പറയുന്നവർ =صَٰدِقِينَ

കള്ളച്ചോര =بِدَمٍ كَذِبٍ അവർ അദ്ദേഹത്തി(യൂസുഫി)ന്റെ അങ്കി(യും)യിന്മേൽ പുരട്ടി കൊണ്ടുവന്നു =وَجَآءُو عَلَىٰ قَمِيصِهِۦ

എന്നാൽ കാര്യം(അതൊന്നും) അല്ല =بَلْ പക്ഷേ(യഅ്ഖൂബ്) പറഞ്ഞു =قَالَ

നിങ്ങളുടെ മനസ്സ് നിങ്ങൾക്ക് അഭികാമ്യമാക്കി(നിങ്ങൾ പ്രലോഭിതരായതാകുന്നു) =سَوَّلَتْ لَكُمْ أَنفُسُكُمْ

ശരി, ഞാൻ ഭംഗിയായി ക്ഷമിക്കുന്നു =فَصَبْرٌ جَمِيلٌ ഒരുകാര്യം (എന്തോ കടുംകൈ ചെയ്യാൻ) =أَمْرًا

അല്ലാഹു സഹായം തേടപ്പെടുന്നവനാകുന്നു(അല്ലാഹു തന്നെ തുണക്കട്ടെ) =وَٱللَّهُ ٱلْمُسْتَعَانُ

നിങ്ങൾ വിശേഷിപ്പിക്കുന്നതിന്മേൽ (പറയുന്നതിന്റെ സത്യാവസ്ഥ വെളിപ്പെടുത്താൻ) =عَلَىٰ مَا تَصِفُونَ

=================================================================

**15–17:** കുഞ്ഞനിയൻ യൂസുഫിനെ ഏറെ സ്നേഹിക്കുന്ന ഗുണകാംക്ഷികളാണ് തങ്ങളെന്ന് ആണയിട്ട് അദ്ദേഹത്തെ വനപ്രദേശത്തെ മേച്ചിൽ പുറത്തേക്കു കൊണ്ടുപോകാൻ പിതാവിനെക്കൊണ്ട് സമ്മതിപ്പിക്കുന്നതിൽ ആ സഹോദരന്മാർ വിജയിച്ചു. അവർ കൂട്ടിക്കൊണ്ടുപോവുകയായിരുന്നില്ല; ശഖേം പ്രദേശത്ത് കാലികളെ മേയ്ക്കാൻപോയ സഹോദരന്മാരെ അന്വേഷിക്കാൻ യഅ്ഖൂബ് നബി അദ്ദേഹത്തെ അവരുടെ പിമ്പേ അയക്കുകയായിരുന്നുവെന്നാണ് ബൈബിൾ പറയുന്നത്. പക്ഷേ, യൂസുഫിനോട് സഹോദരന്മാർക്കുള്ള ദ്വേഷ്യം നന്നായറിയാവുന്ന യഅ്ഖൂബ്(അ) സ്വയം അങ്ങനെ ചെയ്യുക എന്നത് സാമാന്യ യുക്തിക്ക് നിരക്കുന്നതല്ല. അവർ പിതാവിൽ സമ്മർദം ചെലുത്തി സമ്മതിപ്പിച്ച് യൂസുഫിനെ കൂട്ടിക്കൊണ്ടു പോവുകയായിരുന്നുവെന്ന ഖുർആനിന്റെ പ്രസ്താവനയാകട്ടെ ഏറെ സംഗതമാണ്. അദ്ദേഹത്തെയും കൊണ്ട് കാട്ടിലെത്തിയപ്പോൾ പിന്നെയും തർക്കമായി. യൂസുഫിനെ കൊന്നുകളയണമോ, അതോ പൊട്ടക്കിണറ്റിൽ തള്ളിയാൽ മതിയോ? ഒരു പക്ഷം, കൊല്ലണമെന്നും മറുപക്ഷം കിണറ്റിൽ തള്ളണമെന്നും വാദിച്ചു. പിതാവിനെ തങ്ങൾക്കൊഴിഞ്ഞു കിട്ടാൻ യൂസുഫിനെ കൊന്നു കളയുകയാണ് ഏറ്റം നല്ല വഴിയെന്നായിരുന്നു ആദ്യപക്ഷത്തിന്റെ നിലപാട്. എന്തൊക്കെയായാലും അവൻ നമ്മുടെ ഉടപ്പിറപ്പല്ലേ, അവനെ പിതാവിൽ നിന്നകറ്റുകയേ നമുക്ക് വേണ്ടൂ. കൊല്ലണമെന്നില്ല. എവിടെയെങ്കിലും പോയി ജീവിച്ചോട്ടെ. അതിനു പറ്റിയ മാർഗം പൊട്ടക്കിണറ്റിൽ തള്ളുകയാണ്. ഒടുവിൽ ഈ അഭിപ്രായം എല്ലാവരും സ്വീകരിച്ചു. أجمعوا എന്നാണ് മൂലവാക്യം. തർക്കം തീർത്ത് ഏകകണ്ഠമായി അംഗീകരിക്കുന്ന തീരുമാനം എന്ന അർഥത്തിലുള്ള إجماعൽ നിന്നുള്ള ഭൂതകാല ബഹുവചന ക്രിയയാണിത്. ഇസ്‌ലാമിക കർമശാസ്ത്രത്തിന്റെ ഭാഷയിൽ, ഒരു കാലഘട്ടത്തിലെ ദീനീപണ്ഡിതന്മാർ ഏകകണ്ഠമായി അംഗീകരിച്ച ശർഇ വിധിയാണ് إجماع. ഇത് കർമശാസ്ത്രത്തിന്റെ നാലു നിദാനങ്ങളിലൊന്നായി ഗണിക്കപ്പെടുന്നു. യൂസുഫിന്റെ സഹോദരന്മാർ അവർക്കിടയിലെ തർക്കം തീർത്ത് ഏകോപിതമായി തീരുമാനിച്ചു എന്നാണിവിടെ أجمعوا ന്റെ അർഥം.

أَن يَجْعَلُوهُ فِى غَيَٰبَتِ ٱلْجُبِّ എന്ന വാക്യത്തിന്റെ അർഥം അദ്ദേഹത്തെ ആഴമുള്ള കിണറ്റിൽ ആക്കാൻ എന്നാണ്. എറിഞ്ഞു, ഇട്ടു എന്ന അർഥത്തിൽ ألقوه എന്നോ طرحوه എന്നോ ആണ് പറയുക. മരിക്കുകയോ പരിക്കേൽക്കുകയോ ചെയ്യാനിടയില്ലാത്ത വിധത്തിൽ അവരദ്ദേഹത്തെ കിണറ്റിലുപേക്ഷിക്കുകയായിരുന്നു എന്നാണ് يجعلوه എന്ന വാക്ക് സൂചിപ്പിക്കുന്നത്.

യൂസുഫിനെപ്പോലൊരു കുമാരൻ സ്വന്തം സഹോദരന്മാരാൽ, വിജനവും അപരിചിതവുമായ കിണറ്റിൽ തള്ളപ്പെടുമ്പോൾ ചകിതനാവുകയും ദുഃഖവിവശനാവുകയും ചെയ്യുക സ്വാഭാവികമാണ്. അദ്ദേഹം നിലവിളിക്കുകയും ദയക്കുവേണ്ടി സഹോദരന്മാരോടു കേഴുകയും ചെയ്തുവെന്നാണ് ബൈബിളും ജൂത ഇതിഹാസങ്ങളും പറയുന്നത്. എന്നാൽ ഖുർആൻ പറയുന്നത് അല്ലാഹു അദ്ദേഹത്തെ സമാധാനിപ്പിച്ചുവെന്നാണ്. ഭയപ്പെടേണ്ട, താങ്കൾക്ക് ഒരാപത്തും വരില്ല. ശോഭനമായ ഒരു ഭാവി താങ്കളെ കാത്തിരിക്കുന്നുണ്ട്. ഇപ്പോൾ താങ്കളെ പൊട്ടക്കിണറ്റിൽ തള്ളിയ സഹോദരന്മാരെല്ലാം അന്ന് ദയക്കും ദാക്ഷിണ്യത്തിനും കെഞ്ചിക്കൊണ്ട് താങ്കളുടെ മുന്നിൽ കൈനീട്ടുന്നതാണ്. അപ്പോൾ, ഇന്നിവർ ചെയ്ത ക്രൂരകൃത്യത്തെക്കുറിച്ച് താങ്കൾക്കവരോട് ചോദിക്കാം. ഇതാണ് وَأَوْحَيْنَآ إِلَيْهِ لَتُنَبِّئَنَّهُم بِأَمْرِهِمْ هَٰذَا എന്ന വാക്യത്തിന്റെ താൽപര്യം. ഇവിടെ وحي (ബോധനം) കൊണ്ടുദ്ദേശ്യം സാങ്കേതികമായ വെളിപാടല്ല; ദൈവാനുഗ്രഹത്താൽ മനസ്സിൽ തെളിയുന്ന തോന്നലാണ് എന്നാണ് പല പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നത്. യൂസുഫിന് നേരത്തെ സ്വപ്ന ദർശനത്തിലൂടെ ലഭിച്ച ബോധോദയം പോലൊന്നാണിതും. ദുഷ്ടന്മാരുടെ അതിക്രമങ്ങൾക്കിരയാകുമ്പോഴും പ്രതിസന്ധികളിലകപ്പെടുമ്പോഴുമൊക്കെ അല്ലാഹു സജ്ജനങ്ങൾക്ക് ഈ വിധത്തിൽ സാന്ത്വനമരുളുന്നതാണ്. ഈമാനും ഇഖ്‌ലാസും തഖ്‌വയും എത്രത്തോളം ഉജ്വലമാണോ അത്രത്തോളം ശക്തമായിരിക്കും ഈ സാന്ത്വനവും സുവിശേഷവും. അത്തരക്കാർ ദൈവിക മാർഗത്തിൽ ക്ലേശങ്ങളും പരീക്ഷണങ്ങളും നേരിടേണ്ടി വരുമ്പോൾ സാന്ത്വനത്തിന്റെയും സമാധാനത്തിന്റെയും ശബ്ദം അവരുടെ മനസ്സിൽ നിന്നുതന്നെ ഉയർന്നുകൊണ്ടിരിക്കും. ഭയവും വെപ്രാളവുമില്ലാതെ ഏതു സന്ദിഗ്ധാവസ്ഥകളെയും തരണം ചെയ്യാൻ അവർക്കു സാധിക്കുകയും ചെയ്യും. അതിന്റെ അത്യുജ്വലമായ ഉദാഹരണമാണ് ആഴമേറിയ പൊട്ടക്കിണറ്റിലകപ്പെട്ട യൂസുഫ് നബിയുടെ അനുഭവം.

'അവർ ബോധമില്ലാത്തവരായ നിലയിൽ' എന്നാണ് وَهُمْ لَا يَشْعُرُونَ എന്ന വാക്യത്തിന്റെ നേർ തർജമ. പണ്ഡിതന്മാർ ഈ വാക്യത്തിന് പല വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. എല്ലാം സാധുവാകുന്നു. ഒരു പക്ഷേ ഈ സന്ദർഭത്തിൽ എല്ലാ ആശയങ്ങളും ഉദ്ദേശിക്കപ്പെട്ടിട്ടുമുണ്ടാകാം. ഒന്ന്, തങ്ങൾ ചെയ്യുന്ന കാര്യത്തിന്റെ ഗൗരവം അവർ അറിയുന്നുണ്ടായിരുന്നില്ല. തങ്ങളുടെ ചെയ്തിയുടെ അനന്തരഫലത്തെക്കുറിച്ച് അവർക്ക് ഒരറിവുമില്ല എന്നാണ് രണ്ടാമത്തെ ആശയം. അതായത്, യൂസുഫ് ഏതെങ്കിലും വിദൂര ദേശത്ത് അജ്ഞാതനായ അടിമയോ തൊഴിലാളിയോ ആയി ജീവിച്ചുകൊള്ളും എന്നാണവർ കരുതുന്നത്. തങ്ങളുടെ നടപടി യഥാർഥത്തിൽ അദ്ദേഹത്തിന് ഉന്നതിയിലേക്കും മഹത്വത്തിലേക്കുമുള്ള സോപാനമായി പരിണമിക്കുമെന്ന് അവരറിയുന്നില്ല. നമ്മൾ യൂസുഫിനെ കിണറ്റിൽ തള്ളിയപ്പോൾ, അല്ലാഹു അദ്ദേഹത്തെ സമാധാനിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുമെന്ന് അവർ അറിയുന്നുണ്ടായിരുന്നില്ല എന്നാണ് മൂന്നാമത്തെ വ്യാഖ്യാനം. നാലാമത്തേത് ഇങ്ങനെ: അവർ നിന്നെ തിരിച്ചറിയുകയോ

നിന്റെ സാന്നിധ്യം ഊഹിക്കുകയോ ചെയ്യാത്ത ഒരവസരത്തിൽ, അവരിന്നു ചെയ്ത ക്രൂരകൃത്യത്തെക്കുറിച്ച് നീ അവരോട് സംസാരിക്കും.

യൂസുഫിനെ കിണറ്റിൽ തള്ളിയ ഉടനെ സഹോദരന്മാർ വീട്ടിലേക്കു പോയില്ല. രാത്രി ഇരുൾ മുറ്റുന്നതുവരെ കാത്തുനിന്നു. പടിഞ്ഞാറേ ചക്രവാളത്തിൽനിന്ന് അസ്തമയത്തിന്റെ ചുവപ്പുരാശി പൂർണമായി മാഞ്ഞുകഴിഞ്ഞ സമയമാണ് عشاء. അത്താഴ സമയത്തിനും عشاء എന്നു പറയും. കർമശാസ്ത്ര ഭാഷയിൽ മഗ്‌രിബിന് ശേഷമുള്ള ഫർദ് നമസ്കാരമാണ് عشاء. കടുത്ത ദുഃഖം നടിച്ച് വിലപിച്ചു കൊണ്ടാണവർ വീട്ടിലെത്തുന്നത്. പകൽ പിതാവിനെ സമീപിച്ചാൽ തങ്ങളുടെ ദുഃഖവും വിലാപവും വെറും നാട്യമാണെന്ന് മുഖഭാവത്തിൽ നിന്നും ശരീരഭാഷയിൽനിന്നും അദ്ദേഹം മനസ്സിലാക്കിയെങ്കിലോ എന്നവർ ഭയപ്പെട്ടു. അല്ലെങ്കിൽ കൂടുതൽ അന്വേഷിക്കാൻ സംഭവസ്ഥലത്തേക്ക് അദ്ദേഹം നേരിട്ടു പുറപ്പെടാനിടയുണ്ട്. ഈ കുഴപ്പങ്ങളൊഴിവാക്കാനാണ് നന്നായി ഇരുട്ടുന്നതുവരെ പിതാവിനെ സമീപിക്കുന്നത് നീട്ടിവെച്ചത്.

അവർ പിതാവിനോടു പറഞ്ഞു: ഞങ്ങൾ പറയുന്നത് എത്രതന്നെ സത്യമായിരുന്നാലും അങ്ങ് വിശ്വസിക്കില്ലെന്ന് ഞങ്ങൾക്കറിയാം. എങ്കിലും നടന്നതിതുതന്നെയാണ്: യൂസുഫിനെ പൊന്നുപോലെ നോക്കിക്കൊള്ളാമെന്ന് അങ്ങെക്കു തന്ന വാക്ക് ഞങ്ങൾ പാലിക്കാതിരുന്നിട്ടില്ല. അവനെ ഞങ്ങൾ സാധനങ്ങൾക്കടുത്ത് നിർത്തിയതായിരുന്നു (ഇടയന്മാർ കൂടെ കരുതുന്ന ഭക്ഷണവും വെള്ളവും പിന്നെ കളിക്കുമ്പോൾ ഊരിവെച്ച വസ്ത്രങ്ങളുമാവാം ഈ സാധനങ്ങൾ). ഇടക്കു ഞങ്ങൾ കളിയിലേർപ്പെട്ടു. മത്സരിച്ചു കളിക്കുന്നതിനിടെ അവനിൽനിന്ന് കുറച്ചിട അകന്നുപോയി. ذَهَبْنَا نَسْتَبِقُ എന്നാണ് മൂലവാക്യം. استباقൽനിന്നുള്ള ഭാവികാല ഉത്തമപുരുഷ ബഹുവചനമാണ് نستبق. മറ്റുള്ളവരുടെ മുമ്പിലെത്താൻ ശ്രമിക്കുക, മത്സരിക്കുക ആണ് استباق. മത്സരം ഓട്ടത്തിലാവാം, ചാട്ടത്തിലാവാം, മൽപിടുത്തത്തിലാവാം, ആയുധ പ്രയോഗത്തിലാവാം, മറ്റു വിഷയങ്ങളിലാവാം. استباق എന്നു മാത്രം പറയുമ്പോൾ പ്രഥമമായി ഉദ്ദേശിക്കുക ഓട്ടമത്സരമാണ്. ഇവിടെയും അതുതന്നെയാണുദ്ദേശ്യം. ഓട്ടത്തിൽ മത്സരിക്കുമ്പോഴാണല്ലോ എല്ലാവരും യൂസുഫിൽനിന്ന് അകന്നു പോകേണ്ടി വരിക.

യൂസുഫിന്റെ സഹോദരന്മാർ ഞങ്ങൾ മത്സരിച്ച് ഓടാൻ പോയതായിരുന്നു എന്നു പറഞ്ഞപ്പോൾ യഅ്ഖൂബ് നബി അവരെ ആക്ഷേപിക്കാതിരുന്നത് വിനോദ മത്സരങ്ങൾ അനുവദനീയമാണെന്നതിന്റെ തെളിവുകളിൽ ഒന്നായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഓട്ടം, ഏറ്, അമ്പെയ്ത്ത്, കുതിരയോട്ടം, ഒട്ടകമോട്ടം തുടങ്ങിയ മത്സരങ്ങൾ അനുവദനീയമാണെന്നതിൽ പണ്ഡിതന്മാർക്കിടയിൽ തർക്കമില്ല. ആരോഗ്യദായകവും മെയ്‌വഴക്കമുണ്ടാക്കുന്നതുമായ വ്യായാമങ്ങൾ എന്ന നിലക്ക് അത്തരം വിനോദങ്ങൾ അനുവദനീയങ്ങൾ മാത്രമല്ല ശരീഅത്തിൽ അഭിലഷണീയവും കൂടിയാണെന്ന് ഇബ്നുൽ അറബിയെപ്പോലുള്ള പൂർവസൂരികൾ പ്രസ്താവിച്ചിരിക്കുന്നു. പ്രവാചകൻ(സ) അബൂബക്കറുമായും ഉമറുമായും മത്സരിച്ചോടാറുണ്ടായിരുന്നു. ചിലപ്പോൾ സ്വപത്നി ആഇശ(റ)യുമായും തിരുമേനി ഓട്ടത്തിൽ മത്സരിച്ചിരുന്നതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. തിരുമേനി ഒട്ടകങ്ങളെയും കുതിരകളെയുമൊക്കെ മത്സരിച്ചോടിച്ചിരുന്നതായും പ്രബലമായ നിവേദനങ്ങളുണ്ട്.

നബി(സ) പ്രസ്താവിച്ചിട്ടുള്ളതായി നസാഈ ഉദ്ധരിക്കുന്നു: "അമ്പെയ്ത്ത്, കുതിരയോട്ടം, ഒട്ടകയോട്ടം എന്നിവയിലല്ലാതെ പന്തയമില്ല." ഈ നബിവചനത്തെ ആധാരമാക്കി, ഇപ്പറഞ്ഞതല്ലാത്ത മത്സരങ്ങളിൽ പന്തയം വെക്കുന്നത് നിഷിദ്ധമായ ചൂതാട്ടമായി പണ്ഡിതന്മാർ വിധിച്ചിരിക്കുന്നു. ഇപ്പറഞ്ഞവയിൽതന്നെ പന്തയം മത്സരത്തിൽ പങ്കെടുക്കുന്നവർ തമ്മിലാണ്. ഇന്നയാൾ അല്ലെങ്കിൽ മൃഗം വിജയിക്കുമെന്നോ തോൽക്കുമെന്നോ മറ്റുള്ളവർ പന്തയം വെച്ച് സമ്മാനം കൈമാറുന്നത് ചൂതാട്ടത്തിൽ പെടുന്നു.

മേൽപറഞ്ഞ മത്സരങ്ങൾ അനുവദനീയമാക്കിയത് അവയുടെ രാജ്യരക്ഷാപരവും പ്രതിരോധപരവുമായ പ്രാധാന്യം കണക്കിലെടുത്താണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. മേത്തരം കുതിരകളും ഒട്ടകങ്ങളും അമ്പെയ്ത്തുകാരും പ്രവാചകന്റെ കാലത്തെ മുഖ്യപ്രതിരോധ സജ്ജീകരണങ്ങളായിരുന്നു. അവയുടെ വികസനത്തിനുള്ള പ്രോത്സാഹനമാണ് അവയിൽ പന്തയം വെച്ച് മത്സരിക്കാനുള്ള അനുവാദം. ഇതനുസരിച്ച് ഇക്കാലത്ത് സൈനിക പ്രാധാന്യമുള്ള മറ്റു കാര്യങ്ങളിലും പന്തയാടിസ്ഥാനത്തിലുള്ള മത്സരം അനുവദനീയമാകുന്നതാണ്.

അനുവദനീയമായ എല്ലാ മത്സരങ്ങളിലും പന്തയവും അനുവദനീയമാകുന്ന രണ്ടു രൂപങ്ങളുണ്ട്. ഒന്ന്, മത്സര വിജയികൾക്ക് സർക്കാറോ സംഘടനകളോ വ്യക്തികളോ സ്വന്തം നിലയിൽ സമ്മാനം പ്രഖ്യാപിക്കുക. ഇതിൽ മത്സരാർഥികളിൽ ആർക്കും യാതൊരു ബാധ്യതയുമുണ്ടായിരിക്കുകയില്ല. രണ്ട്, യഥാർഥ മത്സരാർഥികൾക്കു പുറമെ മൂന്നാമതൊരാളെ കൂടി മത്സരത്തിൽ ചേർക്കുക. ഈ മൂന്നാമൻ അനുവദനീയമാക്കുന്നവൻ(مُحَلِّل) എന്നറിയപ്പെടുന്നു. മത്സരത്തിൽ ജയിക്കുന്നത് മുഹല്ലിലാണെങ്കിൽ രണ്ടു മത്സരാർഥികളും കെട്ടിവച്ച പന്തയം അയാൾക്കു ലഭിക്കും. മത്സരാർഥികളിൽ ഒരാളാണ് ജയിച്ചതെങ്കിൽ രണ്ടുപേരും കെട്ടിവച്ചത് ജയിച്ചവന്ന് കിട്ടും. മുഹല്ലിൽ ഒന്നും നഷ്ടപ്പെടുകയോ നേടുകയോ ഇല്ല. ഇങ്ങനെ ഒരു മുഹല്ലിൽ ഇല്ലാതെ, മത്സരാർഥികൾ കെട്ടിവെച്ച പന്തയം വിജയിക്കുന്നവന് ലഭിക്കുന്ന തരത്തിലുള്ള പന്തയ മത്സരങ്ങൾ നിഷിദ്ധമായ ചൂതാട്ടമാകുന്നു എന്ന കാര്യത്തിൽ കർമശാസ്ത്ര പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാകുന്നു. മുഹല്ലിൽ ഉൾപ്പെട്ട പന്തയമത്സരം അനുവദനീയമാണെന്നതിന് തെളിവായി ഉന്നയിക്കപ്പെടുന്നത് നബി(സ) പ്രസ്താവിച്ചതായി അബൂദാവൂദ് ഉദ്ധരിക്കുന്ന ഈ നിവേദനമാകുന്നു: "രണ്ടു മത്സരക്കുതിരകൾക്കിടയിൽ വിജയിക്കുമെന്ന് ഉറപ്പില്ലാത്ത മൂന്നാമതൊരു കുതിരയെ പ്രവേശിപ്പിച്ചാൽ അത് ചൂതാട്ടമല്ലാതാകുന്നു. വിജയിക്കുമെന്നുറപ്പുള്ള കുതിരയെയാണ് പ്രവേശിപ്പിക്കുന്നതെങ്കിൽ അത് ചൂതാട്ടമാകുന്നു." സഈദുബ്നുൽ മുസയ്യബ് പ്രസ്താവിച്ചതായി മുവത്വ ഉദ്ധരിക്കുന്നു: "കുതിരപ്പന്തയത്തിൽ തെറ്റില്ല; അതിൽ മുഹല്ലിലിനെ ഉൾപ്പെടുത്തിയാൽ. അപ്പോൾ മുഹല്ലിൽ ജയിച്ചാൽ പന്തയം അതിനു ലഭിക്കും. ജയിച്ചില്ലെങ്കിൽ അതിന് യാതൊരു ബാധ്യതയും ഉണ്ടായിരിക്കുകയില്ല.

ഈ മത്സര രൂപത്തിൽ മൂന്നാമൻ-മുഹല്ലിൽ- പന്തയം കെട്ടുന്നില്ല അയാൾ മത്സരത്തിൽ പങ്കെടുക്കുക മാത്രമേ ചെയ്യുന്നുള്ളൂ. ജയിച്ചാൽ പന്തയം കെട്ടിയ മത്സരാർഥികൾ കെട്ടിവച്ചത് നേടുമെങ്കിലും തോറ്റാൽ ഒന്നും നഷ്ടപ്പെടുകയില്ല. പന്തയം കെട്ടാത്തവരും മത്സരിക്കുകയും സമ്മാനാർഹരാവുകയും ചെയ്യാവുന്ന സാഹചര്യത്തിൽ പന്തയ മത്സരം സമ്മാനത്തിനുവേണ്ടിയുള്ള മത്സരമായിത്തീരുന്നു എന്നതാകാം ഇത് അനുവദിക്കപ്പെട്ടതിനുള്ള ന്യായം.

**18:** യൂസുഫിനെ ചെന്നായ പിടിച്ചുവെന്ന തങ്ങളുടെ പ്രസ്താവന വളരെ ബാലിശമാണെന്നും പിതാവ് അതു വിശ്വസിക്കുകയില്ലെന്നും അവർക്കുതന്നെ അറിയാമായിരുന്നുവെന്ന് അവരുടെ وَمَآ أَنتَ بِمُؤْمِنٍ لَّنَا وَلَوْ كُنَّا صَـٰدِقِينَ എന്ന വാക്കിൽനിന്ന് വ്യക്തമാണ്. അതിനാൽ പിതാവിനെ വിശ്വസിപ്പിക്കാൻ അവർ ഒരു തെളിവ് ഹാജരാക്കി യൂസുഫ് നബിയുടെ അങ്കി ഊരിയെടുത്തു അതിൽ, ഒരാട്ടിൻ കുട്ടിയെ(മാനിനെ എന്നും പ്രസ്താവമുണ്ട്) അറുത്ത് ആ ചോര പുരട്ടി കൊണ്ടുവന്നിരുന്നു. പക്ഷേ, യഅ്ഖൂബ്(അ) അത് വിശ്വസിച്ചില്ല. കുപ്പായത്തിന് യാതൊരു പോറലും ഏറ്റിരുന്നില്ല എന്നതാണതിനു കാരണമെന്നു പറയപ്പെടുന്നു. അദ്ദേഹം മക്കൾ ഹാജരാക്കിയ തെളിവിനെ ഇങ്ങനെ പരിഹസിച്ചതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: "ഓ ചെന്നായേ, നീയെത്ര വിവേകശാലി. എന്റെ മകനെ തിന്നുവെങ്കിലും അവന്റെ കുപ്പായം ഒട്ടും കീറിയില്ലല്ലോ!"

سوّل എന്നാൽ പ്രലോഭിപ്പിച്ചു. سوّلت له نفسه എന്നാൽ അയാൾ പ്രലോഭിതനായി. ഒരു നികൃഷ്ട കാര്യത്തിൽ ആകൃഷ്ടനായി, അതു ചെയ്യാൻ മടിയില്ലാതായി, ചെയ്യുന്നത് എളുപ്പമായി എന്നീ അർഥങ്ങളും سوّل ക്കുണ്ട്. യൂസുഫിനെ ഏതോ ആപത്തിലകപ്പെടു

ത്താൻ നിങ്ങൾ പ്രേരിതരായിരിക്കുന്നു എന്നാണ് ഇവിടെ താൽപര്യം.

ഭംഗിയായ ക്ഷമ എന്നാണ് فَصَبۡرٞ جَمِيلٞ ന്റെ അർഥം. ഇത് അനുക്തമായ ഒരാഖ്യയുടെ ആഖ്യാതമാകാം. അനുക്തമായ ആഖ്യാതത്തിന്റെ ആഖ്യയുമാകാം. ആദ്യം പറഞ്ഞതാണെങ്കിൽ പൂർണരൂപം فصبرها صبر جميل എന്നും രണ്ടാമതു പറഞ്ഞതാണെങ്കിൽ خيرلى فصبر جميل എന്നുമായിരിക്കും. ഏതായാലും أصبر صبرا جميلا (ഞാൻ ഭംഗിയായി ക്ഷമിക്കുന്നു) എന്ന അർഥത്തിലാണീ വാക്യം ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. أصبر صبرا جميلا എന്നു പറയുന്നതിനേക്കാൾ صبر -ക്ഷമ- എന്ന ആശയത്തിന് ദൃഢതയും നൈരന്തര്യവും നൽകുന്നതാണ് فَصَبۡرٞ جَمِيلٞ എന്നവാക്യം. ക്ഷമ ഭംഗിയാകുന്നത് തനിക്കേൽക്കപ്പെട്ട നഷ്ടത്തെക്കുറിച്ച് വേവലാതിയും വെപ്രാളവും പ്രകടിപ്പിക്കാതിരിക്കുമ്പോഴാണെന്ന് പണ്ഡിതന്മാർ വിശദീകരിച്ചിരിക്കുന്നു.

പുത്രന്മാർ പറഞ്ഞ വർത്തമാനവും കാണിച്ച തെളിവും കേവലം കള്ളവും കൃത്രിമവുമാണെന്നും യൂസുഫിനെ അവർ അപായത്തിലാക്കിയിരിക്കുന്നുവെന്നും മനസ്സിലാക്കിയ യഅ്ഖൂബ് പുത്രന്മാർക്കുനേരെ ക്ഷുഭിതനാവുകയോ, അവരെ ശപിക്കുകയോ പുത്രദുഃഖത്താൽ വേവലാതിപ്പെട്ട് നിലവിളിക്കുകയോ ഒന്നും ചെയ്തില്ല. നിങ്ങൾ പറയുന്നതൊന്നും ഞാൻ വിശ്വസിക്കുന്നില്ല. നിങ്ങൾ എന്റെ മോനോട് എന്തോ കടുംകൈ ചെയ്തുവെന്നാണെനിക്കു മനസ്സിലാകുന്നത്. എങ്കിലും ഞാൻ ഭംഗിയായി ക്ഷമിക്കുന്നു. നിങ്ങളെ ആക്ഷേപിക്കുകയോ ശപിക്കുകയോ ചെയ്യുന്നില്ല. പരിഭ്രാന്തനായി അലമുറയിടുന്നുമില്ല. നിങ്ങൾ പറയുന്നതിന്റെ യാഥാർഥ്യം അല്ലാഹുവിനേ അറിയൂ. അവനൊരിക്കൽ അതെനിക്കു വെളിപ്പെടുത്തിത്തരുമെന്ന് ഞാൻ ആശിക്കുന്നു. നിങ്ങൾ വർണിക്കുന്നതിനെക്കുറിച്ച് സഹായം തേടപ്പെടുന്നവൻ അല്ലാഹുവാകുന്നു എന്നാണ് وَٱللَّهُ ٱلۡمُسۡتَعَانُ عَلَىٰ مَا تَصِفُونَ എന്ന വാക്യത്തിന്റെ ഭാഷാർഥം. ഇതിന്റെ ഉദ്ദേശ്യം തർജമയിൽ സൂചിപ്പിച്ച പോലെ യാഥാർഥ്യം അല്ലാഹു വെളിപ്പെടുത്തിത്തരുമാറാകട്ടെ എന്നാവാം. ഈ കള്ളങ്ങളൊക്കെ കേട്ട് ക്ഷമയോടെ കഴിയാൻ അല്ലാഹു സഹായിക്കട്ടെ എന്നുമാവാം. അപകടത്തിലായ യൂസുഫിനെ രക്ഷപെടാൻ അല്ലാഹു സഹായിക്കട്ടെ എന്നുമാവാം ഉദ്ദേശ്യമെന്ന് ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു.

താൻ വഞ്ചിക്കപ്പെട്ടിരിക്കുന്നുവെന്നും തന്റെ പുത്രൻ യൂസുഫ് അപകടത്തിലായിരിക്കുന്നുവെന്നും മനസിലായിട്ടും പ്രവാചകോചിതമായ ക്ഷമയും സമചിത്തതയും കാഴ്ചവെച്ച യഅ്ഖൂബ് നബിയെയാണ് ഖുർആൻ അവതരിപ്പിക്കുന്നത്. എന്നാൽ ബൈബിൾ അദ്ദേഹത്തെ അവതരിപ്പിക്കുന്നത് പുത്ര വത്സലനായ ശരാശരി പിതാവിനെക്കാൾ പലപടികൾ താഴെയുള്ള ഒരാളായിട്ടാണ്. പുത്രന്റെ രക്തം പുരണ്ട അങ്കി കണ്ട് തിരിച്ചറിഞ്ഞ അദ്ദേഹം "ഇത് എന്റെ പുത്രന്റെ അങ്കി തന്നെ, ഏതോ കാട്ടുമൃഗം അവനെ തിന്നുകളഞ്ഞു എന്റെ പുത്രൻ യോസേഫിനെ ചീന്തിക്കീറിയിരിക്കും, സംശയമില്ല എന്നു വിലപിച്ചുകൊണ്ട് സ്വന്തം അങ്കി വലിച്ചുകീറി, അരയിൽ ചാക്ക് ഉടുത്തു; അനേക ദിവസം പുത്രനെക്കുറിച്ച് അയാൾ വിലപിച്ചു. അയാളുടെ എല്ലാ പുത്രന്മാരും പുത്രിമാരും അയാളെ ആശ്വസിപ്പിക്കാൻ മുതിർന്നു. പക്ഷേ, ആശ്വാസം കണ്ടെത്താൻ വിസമ്മതിച്ചുകൊണ്ട് അയാൾ പറഞ്ഞു: ഞാൻ ഈ വിലാപത്തിൽതന്നെ പാതാളത്തിൽ എന്റെ പുത്രന്റെ അടുക്കലേക്ക് ഇറങ്ങിപ്പോകും" (ഉൽപത്തി 37:33–35). ■